**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ അഞ്ജു ബേബി (Dr Anju Baby PEN 889633), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. നം എ1/5435/2020/ജിമെആ കാസർഗോഡ് തീയതി 24.04.2020

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 28112/20/ ആവഡ തീയതി 26.05.2020

3. ഡോ അഞ്ജു ബേബി സമർപ്പിച്ച അപേക്ഷ

4. സ ഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020

5. സ ഉ (സാധാ) നം 432/2025/ആകുവ തീയതി 14.02.2025

6. കത്ത് നം DHS/4836/2025-EA4 തീയതി. 02.03.2025

7. ഉത്തരവ് നം. EA2-5997/2025/DHS തീയതി:05-03-2025

8. DMOH-KSD/360(1)/2025-A1 തീയതി 11.08.2025

9. നം എ3/801/2025-ആരോഗ്യം തീയതി 24.02.2026

10. കാരണം കാണിക്കൽ നോട്ടീസ് നം DHS/4182/2025- EA4 തീയതി 16.03.2026

**ഉത്തരവ് നം. DHS/4836/2025-EA4 തീയതി. 07-09-2026**

കാസർഗോഡ് മംഗൽപാടി താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരുന്ന ഡോ അഞ്ജു ബേബി (Dr Anju Baby PEN 889633), 11.04.2020 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് പരാമർശം (4) പ്രകാരമുള്ള സർക്കാർ

ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ബോണ്ട് സഹിതം ടിയാൾ അപേക്ഷ സമർപ്പിച്ചതിനാൽ ടി ഉത്തരവിലെ വ്യവസ്ഥകൾക്കും അച്ചടക്ക നടപടിയുടെ തീർപ്പിനും വിധേയമായി ടിയാളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പരാമർശം (6) പ്രകാരം ടിയാൾക്ക് കൈമാറിയിരുന്നു. പരാമർശം (7) പ്രകാരം അച്ചടക്ക നടപടി നിലനിർത്തി കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോ അഞ്ജു ബേബിയ്ക്ക് പുനർനിയമന ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഡോ അഞ്ജു ബേബി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്ന് പരാമർശം (8) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ടി സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പരാമർശം (9) പ്രകാരം സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിരുന്നു.

(2) 27.03.2020 ന് സേവനത്തിൽ പ്രവേശിച്ച ഡോ അഞ്ജു ബേബി പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും പരാമർശം (4) ലെ വ്യവസ്ഥകൾ പാലിക്കാമെന്ന ബോണ്ട് സമർപ്പിക്കുകയും ചെയ്തതിനാൽ പുനർ നിയമനം നൽകിയിട്ടും നിയമനാധികാരിയുടെ നിർദ്ദേശം പാലിക്കുന്നതിന് ഡോ അഞ്ജു ബേബി തയ്യാറായിട്ടില്ല. ആയതിനാൽ ടിയാളുടെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലിക തീരുമാനമെടുത്ത് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് അയച്ചു നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിൻ്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. കാരണം കാണിക്കൽ നോട്ടീസ് ഡോ അഞ്ജു ബേബിയുടെ മേൽ വിലാസത്തിൽ കൈപ്പറ്റിയ അക്നോളഡ്ജ്മെൻ്റ് കാർഡ് തപാൽ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനോട് ഡോ അഞ്ജു ബേബി പ്രതികരിച്ചിട്ടില്ല.

(3). ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല..

ആയതിനാൽ **11.04.2020** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതി ലൂടെ പ്രൊബേഷണർ ആയ ഡോ അഞ്ജു ബേബി അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു

**(4).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ അഞ്ജു ബേബി അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 07-09-2026
23:47:10

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Anju Baby,**
**Lamannil, Manipuzha, Erumely,**
**Kottayam, Venkurinji- 686510**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.
3. സൂപ്രണ്ട്,
താലൂക്കാശുപത്രി മംഗൽ പാടി / ജനറൽ ആശുപത്രി, കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം).
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ